ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങളിൽ ധനാപഹരണവുമായി ബന്ധപ്പെട്ട അന്വേഷണം നടക്കുന്നുണ്ട്.

(ബി) താമരശ്ശേരി സർവീസ് സഹകരണ ബാങ്ക്, കടലുണ്ടി സർവീസ് സഹകരണ ബാങ്ക്, ചെലവൂർ സർവീസ് സഹകരണ ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങളിലെ ഓരോ ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

137 (1046) സഹകരണ ബാങ്കിലെ പണാപഹരണം

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> :

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇളങ്കുളം സർവീസ് സഹകരണ ബാങ്കിലെ പണാപഹരണം സംബന്ധിച്ച് അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിൽ വെളിവായ വിവരങ്ങൾ എന്തൊക്കെയാണ്;

(സി) എന്തു തുകയുടെ പണാപഹരണം നടന്നതായിട്ടാണ് കണ്ടെത്തിയിട്ടുള്ളതെന്നു പറയുമോ;

(ഡി) ഈ ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരൊക്കെയെന്നു പറയാമോ;

(ഇ) അവരുടെ മേൽ എന്തു നടപടി സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) സഹകരണ നിയമം അനുസരിച്ചുള്ള അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) വ്യാജവായ്പ നൽകൽ, അധികൃത വായ്പ നൽകൽ, അനധികൃത ഹുണ്ടി വ്യാപാരം, ബിൽഡിംഗ് കൗൺടിംഗ്, പണാപഹരണം മുതലായ കാര്യങ്ങൾ സഹകരണ വകുപ്പിന്റെ അന്വേഷണത്തിൽ കണ്ടുപിടിച്ചിട്ടുണ്ട്.

(സി) മൊത്തം 3.63 കോടി രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) സഹകരണ വകുപ്പിന്റെ അന്വേഷണത്തിൽ സെക്രട്ടറി ശ്രീ. എം. ഗോപിനാഥൻ നായർ ബ്രാഞ്ച് മാനേജർമാരായ ശ്രീ.കെ.എം. ലംബൈ, ശ്രീ. ജോജി ജോസ് എന്നിവരും ഭരണസമിതി അംഗങ്ങളും ഈ ക്രമക്കേടുകൾക്ക് പ്രഥമദൃഷ്ട്യാ ഉത്തരവാദികളാണെന്ന് കണ്ടിട്ടുണ്ട്.

(ഇ) ഭരണസമിതിയെ പിരിച്ചുവിടുകയും മേൽപറഞ്ഞ ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെന്റു ചെയ്യുകയും ഉണ്ടായിട്ടുണ്ട്.

138 (1047) സർവീസ് സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സർവീസ് സഹകരണ സംഘങ്ങളിലാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടുപിടിക്കപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ;

(ബി) ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ടശേഷം വകുപ്പിൽ നിന്നും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഗ്രാമീണ ധനകാര്യ സ്ഥാപനങ്ങളിൽ നടക്കുന്ന ക്രമക്കേടുകൾ കാലാകാലങ്ങളിൽ കണ്ടുപിടിക്കുവാനും നടപടികൾ സ്വീകരിക്കുവാനും നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലുള്ള വീഴ്ചകൊണ്ടാണ് ക്രമക്കേടുകൾ നടക്കുന്നതെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ മേൽ നടപടികളെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ താഴെ പറയുന്ന 19 സർവീസ് സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ നടന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

1. പഴയകുന്നുമ്മേൽ സർവീസ് സഹകരണ ബാങ്ക്.
2. കടയ്ക്കാവൂർ സർവീസ് സഹകരണ ബാങ്ക്.
3. ചെമ്പൂർ സർവീസ് സഹകരണ ബാങ്ക്.
4. ആറ്റിങ്ങൽ ടൗൺ മുനിസിപ്പൽ സർവീസ് സഹകരണ ബാങ്ക്.
5. കിഴുവിലം സർവീസ് സഹകരണ ബാങ്ക്.
6. അഞ്ചുതെങ്ങ് സർവീസ് സഹകരണ ബാങ്ക്.
7. നാവായിക്കുളം സർവീസ് സഹകരണ ബാങ്ക്.
8. ഇടവ സർവീസ് സഹകരണ ബാങ്ക്.
9. വിതുര സർവീസ് സഹകരണ ബാങ്ക്.
10. അരുവിക്കര സർവീസ് സഹകരണ ബാങ്ക്.
11. തിരുവനന്തപുരം സർവീസ് സഹകരണ ബാങ്ക്.
12. അണ്ടൂർക്കോണം സർവീസ് സഹകരണ ബാങ്ക്.
13. പേരൂർക്കട സർവീസ് സഹകരണ ബാങ്ക്.
14. കടകംപള്ളി സർവീസ് സഹകരണ ബാങ്ക്.
15. കണ്ടല സർവീസ് സഹകരണ ബാങ്ക്.
16. വിളപ്പിൽ സർവീസ് സഹകരണ ബാങ്ക്.
17. കുന്നത്തുകാൽ സർവീസ് സഹകരണ ബാങ്ക്.
18. പെരുംപഴുതൂർ സർവീസ് സഹകരണ ബാങ്ക്.
19. പള്ളിച്ചൽ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക്.

(ബി) ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ട കേസ്സുകളിൽ 1969-ലെ കേരള സഹകരണ സംഘം നിയമം 66-ാം വകുപ്പു പ്രകാരമുള്ള പരിശോധ

LIBRARY ARCHIVES Kerala Legislative Assembly

നയും 65-ാം വകുപ്പു പ്രകാരമുള്ള അന്വേഷണവും 68-ാം വകുപ്പു പ്രകാര മുള്ള നടപടികളും എടുത്തു വരുന്നുണ്ട്.

(സി) ഇല്ല

(ഡി) സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തി ലുള്ള വീഴ്ചകൊണ്ടാണ് ക്രമക്കേടുകൾ നടന്നതെന്ന് തെളിഞ്ഞാൽ പ്രസ്തുത ഉദ്യോഗസ്ഥന്മാരുടെ മേൽ നിയമ നടപടി സ്വീകരിക്കുന്നതാണ്.

138 (1048) **ലോക്കൽഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് എംപ്ലോ യീസ് സഹകരണ സംഘത്തിലെ വായ്പാ വിതരണം**

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛ ക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടു മെന്റ് എംപ്ലോയീസ് സഹകരണ സംഘത്തിലെ അംഗങ്ങൾക്ക് 1997 മാർച്ച് മുതൽ 1999 നവംബർ വരെ വായ്പ വിതരണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വായ്പക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രസ്തുത സംഘത്തിലെ അംഗങ്ങൾ ജോലി ചെയ്യുന്ന തിരുവനന ന്തപുരത്തുള്ള എല്ലാ ഓഫീസുകളിലും രേഖാമൂലം നൽകിയിരുന്നുവോ;

(സി) ഏത് രീതിയിലാണ് ഓഫീസുകളിൽ അറിയിപ്പ് നൽകിയത്;

(ഡി) ഈ കാലയളവിൽ വായ്പാ അപേക്ഷ നൽകിയവർ എത്ര യെന്നും വായ്പ ലഭിക്കുവാൻ അർഹത നേടിയവർ എത്രയെന്നും വെളിപ്പെടു ത്തുമോ;

(ഇ) അർഹത നേടിയവർ ആരൊക്കെയാണ്; ഇതിൽ തിരുവനന്ത പുരം ജില്ലയിലുള്ള ഓഫീസുകളിൽ ജോലി ചെയ്യുന്ന അംഗങ്ങൾ അല്ലാതെ മറ്റു ജില്ലാ ഓഫീസുകളിൽ ജോലി ചെയ്യുന്നവർക്ക് വായ്പ നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇവർ ആരൊക്കെയാണെന്നു വെളിപ്പെടുത്തുമോ;

(ജി) വായ്പാതുകയുടെ തവണകൾ വീഴ്ച വരുത്താതെ അടച്ചു തീർക്കുന്ന അംഗത്തിന് അവരുടെ വായ്പ അടച്ചുതീർക്കുന്ന അവസരത്തിൽ അയാൾ മൊത്തത്തിൽ നൽകിയ പലിശയുടെ അഞ്ചുശതമാനം റിബേറ്റായി നൽകുവാൻ സംഘം ബൈലായിൽ വ്യവസ്ഥയുണ്ടോ;

(എച്ച്) എങ്കിൽ എത്രപേർക്ക് ഈ ആനുകൂല്യം നൽകിയെന്ന് വെളി പ്പെടുത്തുമോ; ഈ ആനുകൂല്യം ആർക്കും നല്കിയില്ലെങ്കിൽ കാരണമെ ന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വായ്പ വിതരണം ചെയ്തിട്ടുണ്ട്.

(ബി&സി) വായ്പാ വിതരണം സംബന്ധിച്ച് പ്രത്യേക അറിയിപ്പ് നൽകാറില്ല.

(ഡി) 221 പേർ. എല്ലാപേരും വായ്പ ലഭിക്കാൻ അർഹതയുള്ളവ രാണ്.

LIBRARY ARCHIVES Kerala Legislative Assembly